വൈദ്യുതി തകരാറുകൾക്ക് പരിഹാരം കാണാൻ നടപടി

16(*45) ശ്രീ. പി. വിശ്വൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ ഉണ്ടാകാറുള്ള വൈദ്യുത തകരാറുകൾ കണ്ടു പിടിച്ച് ഉടൻതന്നെ പരിഹാരം കാണുന്നതിന് പര്യാപ്തമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി തകരാറുകൾക്ക് ഉടൻതന്നെ പരിഹാരം കാണുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ നടത്തിപ്പിനായുള്ള സാങ്കേതിക സഹായം വൈദ്യുതി ബോർഡിൽ ഇപ്പോൾ ലഭ്യമാണോ ;

(ഇ) ഇതിനായി ഏതെങ്കിലും ഏജൻസികളുടെ സഹായം ലഭിച്ചു വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് എല്ലാ നഗരങ്ങളിലും പ്രസ്തുത സംവിധാനം എന്നത്തേക്ക് നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭൂഗർഭ കേബിൾ സംവിധാനം ആവശ്യമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഇപ്പോൾ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നിലവിലുണ്ട്. നഗരങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി തകരാറുകൾ കണ്ടുപിടിച്ച് വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുവാനും, ലൈൻ തകരാറുകൾ, ട്രാൻസ്ഫോർമർ തകരാറുകൾ എന്നിവ സംഭവിക്കുമ്പോൾ അടിയന്തിരമായി വേണ്ട ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും ഇതുമൂലം കഴിയുന്നു. വിവിധ വൈദ്യുതി സെക്ഷനാഫീസുകളെ

LIBRARY ARCHIVES Kerala Legislative Assembly

ഏകോപിപ്പിച്ച് അറ്റകുറ്റപണികൾ നടത്തുന്നതിനാൽ ഇതിനുവേണ്ടി ലൈനുകൾ ഓഫാക്കേണ്ടി വരുന്ന അവസരങ്ങൾ കുറയ്ക്കുവാനും കഴിയുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നു. നഗരങ്ങളിലെ ഇ.എച്ച്.ടി. സബ് സ്റ്റേഷനുകൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുക, റിംഗ് മെയിൻ യൂണിറ്റുകൾ സ്ഥാപിക്കുക തുടങ്ങിയവ വഴി നഗരങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ ലഘൂകരിക്കുകയാണ് ഉദ്ദേശം. കേബിൾ തകരാറുകൾ കണ്ടു പിടിക്കുന്നതിനുള്ള സംവിധാനം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരത്തിൽ ഉണ്ട്. ഇതിന്റെ സേവനം മറ്റു നഗരങ്ങളിലും ലഭ്യമാണ്.

(സി) വൈദ്യുതി തകരാറുകൾ ഉടനടി പരിഹരിക്കുന്നതിനുവേണ്ടി തിരുവനന്തപുരം നഗരത്തിൽ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നു.

(ഡി&ഇ) കേന്ദ്ര വിവരസാങ്കേതിക മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ ഇ. ആർ. ആന്റ് ഡി. സി. യുമായി ചേർന്നാണ് തിരുവനന്തപുരം നഗരത്തിൽ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

(എഫ്) മറ്റു നഗരങ്ങിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ജി) ആവശ്യമാണ്. തിരുവനന്തപുരത്ത് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി 11 കെ.വി കേബിളുകൾ, പുതുതായും താഴ്ന്ന കപ്പാസിറ്റിയുള്ള പഴയ കേബിളുകൾക്ക് പകരമായും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

സ്പോട്ട് ബില്ലിംഗ്

17(*46) ശ്രീ. എം. ദാസൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം സ്പോട്ട് ബില്ലിംഗ് സംവിധാനം പൂർണ്ണമായും ഏർപ്പെടുത്തുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) സ്പോട്ട് ബില്ലിംഗ് സംവിധാനത്തിന്റെ പ്രയോജനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്പോട്ട് ബില്ലിംഗ് സംവിധാനം സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആദ്യമായി നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES.Kerala Legislative Assembly